**പതിമൂന്നാം കേരള നിയമസഭ**
**ഒൻപതാം സമ്മേളനം**

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.41. 11.06.2013 ൽ മറുപടിയ്ക്ക്.

<u>ഷെയർ ടാക്സി ആട്ടോ സമ്പ്രദായം</u>

| <u>ചോദ്യം</u><br>ശ്രീ. വി.എസ്. സുനിൽകുമാർ<br>" ഇ. കെ. വിജയൻ<br>" ചിറ്റയം ഗോപകുമാർ<br>ശ്രീമതി ഗീതാ ഗോപി | | <u>ഉത്തരം</u><br>ശ്രീ. ആര്യാടൻ മുഹമ്മദ്<br>ഊർജ്ജവും ഗതാഗതവും വകുപ്പമന്ത്രി |
|---|---|---|
| (എ) ഷെയർ ടാക്സി ആട്ടോ സമ്പ്രദായം നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് പൊതുജനാഭിപ്രായം ശേഖരിക്കാൻ കേന്ദ്ര ഗവൺമെന്റ് ആവശ്യപ്പെട്ടിട്ടു ണ്ടോ ; | (എ) | ഇല്ല. |
| (ബി) ഉണ്ടെങ്കിൽ റിപ്പോർട്ട് സമർപ്പിക്കാൻ ഫെയർ റിവിഷൻ സമിതിയെ ചുമതലപ്പെടുത്തിയിട്ടു ണ്ടോ ; | (ബി) | ഷെയർ ടാക്സി സമ്പ്രദായം സംബന്ധിച്ച് ഒരു നിർദ്ദേശം സർക്കാരിന്റെ പരിഗണനയിൽ വരികയും, ഇതു സംബന്ധിച്ച് വിശദമായ പഠനം നടത്തി സർക്കാരിന് ശുപാർശ സമർപ്പിക്കുവാൻ റിട്ട. ജസ്റ്റിസ് എം. രാമചന്ദ്രൻ അദ്ധ്യക്ഷനായ കമ്മിറ്റിയെ ചുമതല പ്പെടുത്തുകയുമുണ്ടായി. |
| (സി) പ്രസ്തുത സമിതി ഏതെല്ലാം ജില്ലകളിൽ സിറ്റിംഗ് നടത്തിയെന്നും റിപ്പോർട്ട് എന്ന് സമർപ്പിക്കുമെന്നും വ്യക്തമാക്കുമോ ; | (സി) | ജസ്റ്റിസ് എം. രാമചന്ദ്രൻ കമ്മിറ്റി എറണാകുളം, കണ്ണൂർ ജില്ലകളിൽ സിറ്റിംഗ് നടത്തി കഴിഞ്ഞു. മറ്റു ജില്ലകളിൽ കൂടി സിറ്റിംഗ് പൂർത്തിയാക്കിയ ശേഷം കമ്മീഷൻ റിപ്പോർട്ട് സർക്കാരിൽ സമർപ്പിയ്ക്കുമെന്ന് പ്രതീക്ഷിയ്ക്കുന്നു. |
| (ഡി) ഷെയർ ടാക്സി ആട്ടോ സമ്പ്രദായത്തിന്റെ പ്രയോജനം എന്താണെന്ന് വെളിപ്പെടുത്തുമോ ? | (ഡി) | (1) യാത്രക്കാരന്റെ യാത്രാ ചെലവ് കുറയ്ക്കുന്നു.<br>(2) ഈ ആശയം പരിസ്ഥിതിയ്ക്ക് തീർത്തും അനുയോജ്യമാണ്. കൂടാതെ കാർബൺ എമിഷൻ കുറയ്ക്കുന്നു.<br>(3) നിരത്തുകളിൽ വാഹന ബാഹുല്യം കുറയ്ക്കുന്നു.<br>(4) പാർക്കിംഗ് സ്പേസ് കുറയ്ക്കുന്നതിന് സഹായകരമാണ്.<br>(5) സ്ത്രീകൾ ഒറ്റയ്ക്ക് വാഹനം ഓടിയ്ക്കുമ്പോഴുള്ള അപകട സാദ്ധ്യത കുറയുന്നു. |

സെക്ഷൻ ഓഫീസർ.